**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 886** **14-01-2021 - ൽ മറുപടിയ്ക്ക്**

**മണ്ണാർക്കാട് മണ്ഡലത്തിലെ വന്യജീവി ആക്രമണവും കൃഷിനാശവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | അട്ടപ്പാടിയും സൈലന്റ് വാലിയും ഉൾപ്പെടെ മണ്ണാർക്കാട് മണ്ഡലത്തിൽ വനവുമായി ചേർന്ന് കിടക്കുന്ന ഭാഗങ്ങളിൽ തുടർച്ചയായി കൃഷിനാശവും വന്യജീവി ആക്രമണവും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | അട്ടപ്പാടിയും സൈലന്റ് വാലിയും ഉൾപ്പെടെ മണ്ണാർക്കാട് മണ്ഡലത്തിൽ വനവുമായി ചേർന്ന് കിടക്കുന്ന ഭാഗങ്ങളിൽ തുടർച്ചയായി കൃഷിനാശവും വന്യജിവി ആക്രമണവും നടക്കുന്നത് വന്യജീവി ആക്രമണവും നടക്കുന്നുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വന്യജീവി അക്രമങ്ങളിൽ നിന്നും കൃഷിനാശത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കാൻ ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികൾ അപര്യാപ്തമായതിനാൽ കൂടുതൽ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ ? | (ബി) | വന്യജീവി ആക്രമണവും കൃഷിനാശവും തടയാൻ മണ്ണാർക്കാട് കേന്ദ്രീകരിച്ച് ഒരു ദ്രുതകർമ്മസേനയും അഗളി കേന്ദ്രീകരിച്ച് ഒരു താൽക്കാലിക ഒരു താല്ക്കാലിക ദ്രുതകർമ്മസേനയും വളരെ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്. ദ്രുതകർമ്മസേനയുടെ ശാക്തീകരണത്തിന് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങളും സാമഗ്രികളും യഥാസമയങ്ങളിൽ നൽകിവരുന്നുണ്ട്. ഇത് കൂടാതെ, പ്രശ്ന ബാധിത പ്രദേശങ്ങളിൽ സ്ഥിരം ജീവനക്കാരെ കൂടാതെ, വന്യജീവികളെ തിരികെ വനത്തിലേക്ക് അയയ്ക്കുന്നതിന് മാത്രം പ്രദേശവാസികളായ താൽക്കാലിക വാച്ചർമാരെ നിയമിച്ചിട്ടുണ്ട്. വന്യജീവികൾ വനത്തിന് പുറത്ത് വരുന്നത് തടയാനായി 67.45 കിലോമീറ്റർ സൌരോർജ്ജ വേലി സ്ഥാപിച്ചിട്ടുണ്ട്. 114 കിലോമീറ്റർ സൌരോജ്ജവേലി നിർമ്മാണത്തിനായി സമർപ്പിച്ച പ്രൊപ്പോസൽ കിഫ്ബി പദ്ധതിയിൽ അംഗീകരിച്ചിട്ടുണ്ട്. ആയതു നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.കഴിഞ്ഞ 6 വർഷങ്ങളിലായി 3.55 കോടി രൂപ കൃഷിനാശത്തിന്റെ വകയിൽ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഇത് കൂടാതെ, അഗളി ക്രേന്ദീകരിച്ച് ഒരു പുതിയ ദ്രുതകർമ്മസേന രൂപീകരിക്കുന്ന കാര്യം പരിശോധനയിലാണ്. വന്യമൃഗങ്ങൾ ജനവാസ ക്രേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുമ്പോൾ പ്രദേശവാസികളെ അറിയിക്കുന്നതിന് നിലവിൽ 07.02.2017 തീയതിയിലെ സർക്കാർ |

| | | | |
|---|---|---|---|
| | | | ഉത്തരവ് നമ്പർ (സാധാ) 51/2017/വനം പ്രകാരം രൂപീകരിച്ച ജനജാഗ്രതാ സമിതിയുടെ യോഗം, യഥാസമയങ്ങളിൽ വന്യമൃഗ ആക്രമണപ്രദേശമായ സൈലന്റ് വാലി റെയിഞ്ചിലെ നീലിക്കൽ സെക്ഷനിലെ ഉപ്പുകുളം കേന്ദ്രീകരിച്ച് ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ